II ഇ.ബി. XV-കേരള നിയമസഭ/III-17

**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 നവംബർ 08, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

50 (*481) കൂട്ടിക്കലിൽ ഉണ്ടായ ഉരുൾപൊട്ടൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കരട് വിജ്ഞാപനം പ്രകാരം ESA പട്ടികയിൽ ഉൾപ്പെട്ട കോട്ടയം ജില്ലയിലെ കൂട്ടിക്കൽ വില്ലേജിൽ പെഡാ ക്രഷേഴ്സ് എന്ന സ്ഥാപനത്തിന് ഖനനാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പരിസ്ഥിതിലോല പ്രദേശങ്ങളായി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഖനനത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ഭാവിയിൽ ഖനനപ്രവർത്തനങ്ങൾക്കും ക്വാറിയിംഗിനും

പൂർണ്ണമായ നിരോധനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ക്വാറികളെ സംബന്ധിച്ച എല്ലാ വിവരങ്ങളും പബ്ലിക് ഡൊമൈനിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 694 ക്വാറികൾ മാത്രമാണ് പ്രവർത്തിച്ചുവരുന്നതെന്നും പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ എൻ.ഒ.സി. ഉൾപ്പെടെ എല്ലാ അനുമതികളും ഉറപ്പുവരുത്തിയശേഷമാണ് ഖനനാനുമതി നൽകുന്നതെന്നും അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറികളിൽ പ്രത്യേക പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകളിൽ ധാതുപര്യവേഷണം നടന്നുവരുന്നുണ്ടെന്നും മിനറൽ ഫൗണ്ടേഷൻ ഫണ്ട് ഖനനബാധിത പ്രദേശത്തെ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി മിനറൽ ട്രാൻസിറ്റ് പാസ്സിന് അപേക്ഷിക്കുന്നവർ ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

51 (*482) <u>കയർ വ്യവസായ മേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കയർ വ്യവസായ മേഖലയിൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന് കയർ രണ്ടാം പുനഃസംഘടനാ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ചകിരി വിതരണം, കയറും കയറുൽപ്പന്നങ്ങളും സംഭരിച്ച് വിപണനം ചെയ്യൽ, എക്സിബിഷനുകൾ സംഘടിപ്പിക്കൽ, ഉത്സവകാലങ്ങളിൽ ഡിസ്കൗണ്ട് നൽകി വിൽപ്പന പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കയർഫെഡ് നടത്തിവരുന്നുണ്ട്. ക്രയവിലസ്ഥിരതാ പദ്ധതിയിലൂടെ ഇടനിലക്കാരുടെ ചൂഷണങ്ങൾ ഒഴിവാക്കി കയറുത്പന്നങ്ങൾക്ക് ന്യായവിലയും തൊഴിലാളികൾക്ക് അർഹമായ വേതനവും പരമാവധി തൊഴിൽദിനങ്ങളും ഉറപ്പുവരുത്താൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന് സാധിച്ചിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) സ്ഥാപിക്കുകയും

കയർ ജിയോ സെൽ, കയർ മൾച്ചിംഗ് മാറ്റുകൾ, അക്വസ്റ്റിക് പാനൽ, ബൈൻഡർലെസ് ബോർഡ്, ടൈക്കോപിത്ത് തുടങ്ങിയ നൂതനങ്ങളായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ, കുടുംബ പെൻഷൻ, റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി, വിദ്യാഭ്യാസ-വിവാഹ-ചികിത്സാ ധനസഹായങ്ങളുൾപ്പെടെയുള്ള വിവിധ സഹായ പദ്ധതികൾ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്നുണ്ട്. കയർ, കൈത്തറി ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കയർ തൊഴിലാളികളുടെ വാർഷികവരുമാനം 49000 രൂപയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ടെന്നും വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി 2020-21-ൽ 24 കോടി രൂപയും 2021-22 സെപ്റ്റംബർവരെ 10 കോടി രൂപയും കയർപിരി മേഖലയിൽ നൽകിയിട്ടുണ്ടെന്നും കയർ ഭൂവസ്ത്രമുൾപ്പെടെയുള്ളവയുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന് ശിൽപ്പശാലകളും മറ്റും സംഘടിപ്പിക്കുന്നുണ്ടെന്നും രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ഡി-ഫൈബറിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

52 (*483) കൈത്തറി ഉല്പാദന, വിപണന രംഗത്ത് പുതിയ പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൈത്തറി മേഖലയിൽ അനുഭവപ്പെട്ടിരുന്ന നെയ്ത്തുകാരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൈത്തറി ഉല്പാദന വിപണന രംഗത്ത് ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനും സ്കൂൾ യൂണിഫോം പദ്ധതിയിലൂടെയും കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ യുവ വീവ് , ഒരു വീട്ടിൽ ഒരു തറി, കൈത്തറി മിത്ര തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഹാന്റെക്സിന്റെ 18 ഷോറൂമുകൾ ഉപഭോക്തൃ സൗഹൃദമാക്കി നവീകരിക്കുകയും ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് കൈത്തറി ഉത്പന്നങ്ങൾക്ക് റിബേറ്റ്, ഡിസ്കൗണ്ട് എന്നിവ നൽകുകയും സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥയിൽ ഉത്പന്നങ്ങൾ വാങ്ങുന്നതിന് ഇ-ക്രെഡിറ്റ് കാർഡ് സംവിധാനമേർപ്പെടുത്തുകയും Amazon.in-ലൂടെ ഓൺലൈൻ വിൽപ്പന സജ്ജമാക്കുകയും കോവിഡ് പശ്ചാത്തലത്തിൽ നേരിടേണ്ടിവന്ന പ്രതിസന്ധി മറികടക്കുന്നതിന് 3 കോടി രൂപ പ്രത്യേകമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം, ചെറുപുഴ, കോളയാട്, പായം എന്നീ പഞ്ചായത്തുകളിൽ 760 പേർക്ക് നെയ്ത്ത് പരിശീലനം നൽകി കൈത്തറി

യൂണിഫോം ഉല്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി ഉത്പന്നങ്ങൾ വൈവിദ്ധ്യവത്കരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ടെന്നും ജിയോടാഗിംഗ് ലഭിച്ച ഉല്പന്നങ്ങളുടെ പ്രചരണത്തിന് സംവിധാനമേർപ്പെടുത്തുമെന്നും ഖാദി-കൈത്തറി സംഘങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും കേരളത്തിലെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും മില്ലുകളുടെ വിനിയോഗശേഷി 86 ശതമാനമാക്കി ഉയർത്താനും കഴിഞ്ഞിട്ടുണ്ടെന്നും അടച്ചുപൂട്ടിയ ടെക്സ്റ്റൈൽസുകൾ തുറന്നുപ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.